**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1535** **28-07-2021 - ൽ മറുപടിയ്ക്ക്**

**എച്ച്.ഐ.വി രോഗികൾക്കുള്ള മരുന്ന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വടകര നിയോജക മണ്ഡലത്തിൽ നിന്നുള്ള എച്ച്.ഐ.വി. രോഗികൾക്ക് മരുന്നിനായി അറുപത് കിലോമീറ്ററോളം അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ എച്ച്.ഐ.വി അണുബാധിതർക്കുള്ള ചികിത്സാ കേന്ദ്രം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആണ്. എച്ച്.ഐ.വി അണുബാധിതർക്ക് എ.ആർ.ടി ചികിത്സ എടുക്കുന്നതിന് കേരളത്തിലെ 10 എ.ആർ.ടി കേന്ദ്രങ്ങൾ യഥേഷ്ടം തെരഞ്ഞെടുത്ത് ചികിത്സ എടുക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിലെയും സമീപ പ്രദേശങ്ങൾ/ജില്ലകളിലുമുള്ള എച്ച്.ഐ.വി അണുബാധിതർ കോഴിക്കോട് മെഡിക്കൽ കോളേജിലെ എ.ആർ.ടി കേന്ദ്രത്തിൽ നിന്നും എ.ആർ.ടി ചികിത്സയും, അനുബന്ധ സേവനങ്ങളും സ്വീകരിച്ചു വരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ പൂർണ്ണ ലോക്ക് ഡൗൺ കാലയളവിൽ അണുബാധിതരുടെ ആവശ്യപ്രകാരം എ.ആർ.ടി മരുന്നുകൾ എച്ച്.ഐ.വി അണുബാധിതരുടെ സേവന കേന്ദ്രങ്ങളായ വിഹാൻ/ ജില്ലാ പോസിറ്റീവ് നെറ്റ് വർക്ക്, പോലീസ്, ഫയർ ഫോഴ്സ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മറ്റു സേവന കേന്ദ്രങ്ങളിലെ സ്റ്റാഫുകൾ മുഖേന അണുബാധിതരുടെ വീട്ടുകളിലും അടുത്ത ആരോഗ്യ കേന്ദ്രങ്ങളിലും രഹസ്യാത്മകത പുലർത്തി കൊണ്ട് മുടക്കമില്ലാതെ എത്തിച്ചു നൽകിയിരുന്നു. ആയതിനാൽ എച്ച്.ഐ.വി അണുബാധിതർക്ക് ചികിത്സയ്ക്കായി ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ സാധിച്ചിരുന്നു. മൂന്നാംഘട്ട എ.ആർ.ടി ചികിത്സ എടുക്കുന്ന എച്ച്.ഐ.വി അണുബാധിതർക്കുള്ള എ.ആർ.ടി മരുന്നുകൾ ചെന്നൈയിലെ സെന്റർ ഓഫ് എക്സലൻസായി പ്രവർത്തിക്കുന്ന ജി.എച്ച്.റ്റി.എം താമ്പരം ആശുപത്രിയിൽ നിന്നും സൗജന്യമായി എത്തിച്ചു വരുന്നുണ്ട്. കൂടാതെ കേരളത്തിൽ നിലവിലുള്ള എ.ആർ.ടി പ്ലസ് കേന്ദ്രങ്ങളിൽ (കോഴിക്കോട്, |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ, തിരുവനന്തപുരം) മൂന്നാംഘട്ട ചികിത്സ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ കോവിഡ് സാഹചര്യത്തിൽ മരുന്നിനായി മാത്രം ദീർഘദൂരം സഞ്ചരിക്കുന്നത് താരതമ്യേന പ്രതിരോധശേഷി കുറഞ്ഞ എച്.ഐ.വി. രോഗികളുടെ കാര്യത്തിൽ അപകടകരമാണെന്ന് കരുതുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | കോഴിക്കോട് ജില്ലയിലെ എച്ച്.ഐ.വി അണുബാധിതർക്കുള്ള ചികിത്സാ കേന്ദ്രം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആണ്. എച്ച്.ഐ.വി അണുബാധിതർക്ക് എ.ആർ.ടി ചികിത്സ എടുക്കുന്നതിന് കേരളത്തിലെ 10 എ.ആർ.ടി കേന്ദ്രങ്ങൾ യഥേഷ്ടം തെരഞ്ഞെടുത്ത് ചികിത്സ എടുക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിലെയും സമീപ പ്രദേശങ്ങൾ/ജില്ലകളിലുമുള്ള എച്ച്.ഐ.വി അണുബാധിതർ കോഴിക്കോട് മെഡിക്കൽ കോളേജിലെ എ.ആർ.ടി കേന്ദ്രത്തിൽ നിന്നും എ.ആർ.ടി ചികിത്സയും, അനുബന്ധ സേവനങ്ങളും സ്വീകരിച്ചു വരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ പൂർണ്ണ ലോക്ക് ഡൗൺ കാലയളവിൽ അണുബാധിതരുടെ ആവശ്യപ്രകാരം എ.ആർ.ടി മരുന്നുകൾ എച്ച്.ഐ.വി അണുബാധിതരുടെ സേവന കേന്ദ്രങ്ങളായ വിഹാൻ/ ജില്ലാ പോസിറ്റീവ് നെറ്റ് വർക്ക്, പോലീസ്, ഫയർ ഫോഴ്സ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മറ്റു സേവന കേന്ദ്രങ്ങളിലെ സ്റ്റാഫുകൾ മുഖേന അണുബാധിതരുടെ വീടുകളിലും അടുത്ത ആരോഗ്യ കേന്ദ്രങ്ങളിലും രഹസ്യാത്മകത പുലർത്തി കൊണ്ട് മുടക്കമില്ലാതെ എത്തിച്ചു നൽകിയിരുന്നു. ആയതിനാൽ എച്ച്.ഐ.വി അണുബാധിതർക്ക് ചികിത്സയ്ക്കായി ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ സാധിച്ചിരുന്നു. മൂന്നാംഘട്ട എ.ആർ.ടി ചികിത്സ എടുക്കുന്ന എച്ച്.ഐ.വി അണുബാധിതർക്കുള്ള എ.ആർ.ടി മരുന്നുകൾ ചെന്നൈയിലെ സെന്റർ ഓഫ് എക്സലൻസായി പ്രവർത്തിക്കുന്ന ജി.എച്ച്.റ്റി.എം താമ്പരം ആശുപ്രതിയിൽ നിന്നും സൗജന്യമായി എത്തിച്ചു വരുന്നുണ്ട്. കൂടാതെ കേരളത്തിൽ നിലവിലുള്ള എ.ആർ.ടി പ്ലസ് കേന്ദ്രങ്ങളിൽ (കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം) മൂന്നാംഘട്ട ചികിത്സ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരക്കാർക്കായി വടകര ജില്ലാ ആശുപത്രിയിൽ തന്നെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | സംസ്ഥാനത്ത് പുതുതായി എ.ആർ.ടി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകുന്നത് നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. വടകര താലൂക്കിലെ ആശുപത്രിയിൽ എ.ആർ.ടി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ |

| | | | |
|---|---|---|---|
| | | | എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന് സമർപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ